

പാംഡ്യൂ നീര ജിസിഡിഎ ചെയർമാൻ എൻ വേണുഗോപാൽ നാഫെഡ് ഡയറക്ടർ അഡ്വ. സിബി മോനിപ്പള്ളിയിൽനിന്ന് സ്വീകരിച്ച് പുറത്തിറക്കുന്നു

# നീര പാനീയം വൈറ്റില മൊബിലിറ്റി ഹബ്ബിൽ

കൊച്ചി: പാംഡ്യൂ ബ്രാൻഡിൽ നീര ഡ്രിങ്ക് പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി കേരളത്തിലാദ്യമായി കൊച്ചിയിൽ പുറത്തിറക്കി. എറണാകുളം വൈറ്റില മൊബിലിറ്റി ഹബ്ബിലെ നാളികേര വികസന ബോർഡിന്റെ കിയോസ്കിൽ ജ്യൂസ് വൈൻഡിങ് മെഷീനിലൂടെ തണുത്ത നീരയുടെ വിൽപ്പന ആരംഭിച്ചു.

വിപണനോദ്ഘാടനം വിശാലകൊച്ചി വികസന അതോറിറ്റി ചെയർമാൻ എൻ വേണുഗോപാൽ നിർവഹിച്ചു. ചടങ്ങിൽ നാഫെഡ് ഡയറക്ടർ സിബി മോനിപ്പള്ളി പാംഡ്യൂ നീര വേണുഗോപാലിനു കൈമാറി. നീര 200 മില്ലിക്ക് 25 രൂപയാണ്.